**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 127** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സിലബസ് പരിഷ്കരണത്തിനും തൊഴിൽ സാധ്യതകൾ ഉയർത്തുന്നതിനും നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. വി. ടി. ബൽറാം

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സർവകലാശാലകളിലെ പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കപ്പെട്ടതാണോ; പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അതിന്റെ സാമൂഹിക സ്വഭാവവും സാധാരണക്കാർക്കുള്ള പ്രാപ്യതയും നിലനിർത്തികൊണ്ട് ആധുനീകരിക്കുന്നതിനുള്ള ലക്ഷ്യത്തോടെ സർക്കാർ നിബന്ധനകൾക്കും നിർദ്ദേശത്തിനും വിധേയമായി, തൊഴിൽ സാധ്യത, നൈപുണ്യ ആവശ്യകത എന്നിവ വിശകലനം ചെയ്ത് ഓരോ വർഷവും ആവശ്യമായ സിലബസ് പരിഷ്കരണം, പുതിയ പ്രോഗ്രാമുകളുടെ രൂപീകരണം എന്നിവ കാലാനുസൃതമായ മാറ്റങ്ങളോടെ കേരളത്തിലെ സർവകലാശാലകളിൽ നടത്തി വരുന്നുണ്ട്.

**(ബി)** നാലുവർഷ ബിരുദ കോഴ്സകളുടെ പുതിയ പാഠ്യപദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ;

**<u>മറുപടി:</u>** 2024-ൽ കേരള സംസ്ഥാന സർക്കാരിന്റെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായാണ് നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയിൽ വിവിധ മേഖല കളിലായി അഭിരുചികൾക്കനുസൃതമായ multidisciplinary കോഴ്സുകൾ, value-added കോഴ്സുകൾ, എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ, ഇംഗ്ലീഷ്, മറ്റു ഭാഷകൾ (Other Languages) skill development കോഴ്സുകൾ എന്നിവയ്ക്ക് പുറമെ മൈനർ വിഷയങ്ങളും Cyber Security, Data Science, AI and Robotics, Industrial Electronic, Operations and Logistic, International Business Operations മുതലായ സ്പെഷ്യലൈസേഷനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്ന് വരുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

**(സി)** പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും കരസ്ഥമാക്കുന്നതിനും സാധിക്കുന്ന വിധത്തിൽ കരിക്കുലത്തോടൊപ്പം നൈപുണ്യവികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** തൊഴിൽസാധ്യതയും വ്യവസായ മേഖലയിലെ പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി സർവകലാശാലകളുടെ പാഠ്യപദ്ധതികൾ വ്യവസായ വിദഗ്ധർ, പൂർവവിദ്യാർത്ഥികൾ, സംരംഭകർ എന്നിവരുടെ പങ്കാളിത്തത്തോടെ കാലാനുസൃതമായി പരിഷ്കരിക്കരിച്ചുവരുന്നു. നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികൾക്കും ഇൻഡസ്ട്രി ഇന്റേൺഷിപ്പിന് അവസരങ്ങൾ നല്കാനും, കാമ്പസിൽ അത്യാധുനിക നൈപുണ്യ വികസന കോഴ്സുകൾ, പ്ലേസ്മെന്റ്, ട്രെയിനിംഗ് & ഇന്റേൺഷിപ്പ് എന്നിവ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തമായ ഒരു ഡിജിറ്റൽ വെബ് പോർട്ടൽ ടേൺകീ അടിസ്ഥാനത്തിൽ നിർമ്മിക്കാനുമുള്ള നടപടികൾ കാലിക്കറ്റ് സർവകലാശാലയിൽ പുരോഗമിച്ചു വരുന്നു.

കൂടാതെ, ഇന്റേൺഷിപ്പുകൾ, വ്യവസായ അധിഷ്ഠിത പ്രോജക്ടുകൾ, ബഹുവിഷയ പഠനം, നൂതന സാങ്കേതികവിദ്യകൾ എന്നിവയിലൂടെ നൈപുണ്യാധിഷ്ഠിതവും അനുഭവപരിചയപരവുമായ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകിവരുന്നു.

വിദ്യാർഥികളുടെ നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും താല്പര്യമുള്ള നൈപുണ്യ വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള സൗകര്യവും ഗവേഷണാഭിരുചി വർധിപ്പിക്കുന്നതുമടക്കമുള്ള ലക്ഷ്യത്തോടെയാണ് നാല് വർഷ യുജി പ്രോഗ്രാമുകൾ രൂപപ്പെടുത്തുന്നത്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അതിന്റെ സാമൂഹിക സ്വഭാവവും സാധാരണക്കാർക്കുള്ള പ്രാപ്യതയും നിലനിർത്തികൊണ്ട് ആധുനീകരിക്കുന്നതിനുള്ള ലക്ഷ്യത്തോടെ സർക്കാർ നിബന്ധനകൾക്കും നിർദ്ദേശത്തിനും വിധേയമായി, തൊഴിൽ സാധ്യത, നൈപുണ്യ ആവശ്യകത എന്നിവ വിശകലനം ചെയ്ത് ഓരോ വർഷവും ആവശ്യമായ സിലബസ് പരിഷ്കരണം, പുതിയ പ്രോഗ്രാമുകളുടെ രൂപീകരണം എന്നിവ കേരളത്തിലെ സർവകലാശാലകളിൽ നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**